**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 183** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്; | (എ) | **ആർദ്രം ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയും രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ആർദ്രം മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.** |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ-170, സ്റ്റാഫ് നഴ്സ്-340, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-170, ഫാർമസിസ്റ്റ്- 150 എന്നീ തസ്തികകളും ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ -400, സ്റ്റാഫ് നഴ്സ് ഗ്രേഡ് II-400, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II- 200 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | പാലക്കാട് ജില്ലയിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളത്; | (സി) | ആർദ്രം ഒന്നാം ഘട്ടത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഓങ്ങല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും ആർദ്രം രണ്ടാം ഘട്ടത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വല്ലപ്പുഴ, മുതുതല എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ആർദ്രം മൂന്നാം ഘട്ടത്തിൽ പട്ടാമ്പി നിയോജക മണ്ഡലത്തിലെ വിളയൂർ, തിരുവേഗപ്പുറ, കുലുക്കല്ലൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.<br><br>കൂടാതെ ഒരു റവന്യൂ ബ്ലോക്കിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു സി.എച്ച്.സിയെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായും ഉയർത്തുന്നതിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിൽ നിന്നും കൊപ്പം സി.എച്ച്.സിയെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെടുകയുണ്ടായി. |
| (ഡി) | പട്ടാമ്പി മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി | (ഡി) | പട്ടാമ്പി മണ്ഡലത്തിലെ ഒരു ആരോഗ്യ കേന്ദ്രത്തിനും നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് |

| | | | |
|---|---|---|---|
| | അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | | അംഗീകാരം ലഭിച്ചിട്ടില്ല. |
| (ഇ) | കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രവർത്തനോദ്ഘാടനം നടത്തിയ പട്ടാമ്പി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കിഫ്ബി പദ്ധതി മുഖേനയുള്ള മാസ്റ്റർ പ്ലാൻ നിർമ്മാണത്തിൽ റെയിൽവേയുടെ എൻ.ഒ.സി ലഭിച്ചിട്ടില്ല. ടെക്നിക്കൽ കമ്മിറ്റി മെമ്പേഴ്സ് സൈറ്റ് വിസിറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ റെയിൽവേയുടെ നോംസ് പ്രകാരം സൈറ്റ് പ്ലാനിൽ മാറ്റം വരുത്തുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ